# സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം

## അന്തിമ രേഖ

കേരള സർക്കാർ റവന്യൂ (ബി) വകുപ്പ്
തൃശ്ശൂർ ജില്ലാ ഭരണകൂടത്തിനുവേണ്ടി ചുമതലപ്പെടുത്തിയത്

## തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി പഞ്ചായത്തിൽ മുപ്ലിയം വില്ലേജിൽ കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനിയുടെ പുനരധിവാസത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ

9 ഡിസംബർ 2019

**അർത്ഥനാധികാരി**

**മേജർ ജല സേചന വകുപ്പ്**
തൃശ്ശൂർ , കേരള സർക്കാർ

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്**

RAJAGIRI outREACH

**രാജഗിരി ഔട്ട് റീച്ച്**
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി.പി.ഒ., കളമശേരി, പിൻ: 683 104
ഫോൺ: 0484 2911330 332/2550785
rossrajagiri@gmail.com
www.rajagirioutreach.in

# ഉള്ളടക്കം

**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 സ്ഥലം

1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതികരീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനുവേണ്ട വിവരശേഖരണം നടത്തിയ രീതിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്**

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ഛാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1 പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി –മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**സൂചനകളും അനുബന്ധങ്ങളും**

## പട്ടികകൾ

| പട്ടികനമ്പർ | ഉള്ളടക്കം |
|---|---|
| 3.1 | പഠന സംഘം |
| 3.5.1 | യോഗങ്ങളുടെ സമയ പട്ടിക |
| 3.5.2 | പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിത കുടുംബങ്ങൾ ഉന്നയിച്ച ചോദ്യങ്ങളും അവയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും |
| 5.1.1. | പദ്ധതി ബാധിത കുടുംബങ്ങൾ |
| 6.1.1 | വിദ്യാഭ്യാസ നിലവാരം |
| 7.6 | ലഘൂകരണ മാർഗ്ഗങ്ങൾ |

## ചിത്രങ്ങൾ

| ചിത്രനമ്പർ | ഉള്ളടക്കം |
|---|---|
| 4.8.1. | കൈവശഭൂമിയുടെ അളവ് |
| 6.1.1. | പ്രായം |
| 6.1.2. | ലിംഗം |
| 6.1.3. | വൈവാഹികാവസ്ഥ |
| 6.2.1. | വരുമാനം |
| 6.2.2. | ദാരിദ്രാവസ്ഥ |

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ദൈനം ദിന ജീവിതത്തിനും കൃഷിയ്ക്കും ഏറ്റവും പ്രധാനമായി വേണ്ട ഒന്നാണ് സുരക്ഷിതമായ ജലലഭ്യത. തൃശ്ശൂർ ജില്ലയിലെ ജലവിതരണ സംവിധാനം സുഗമമാക്കുന്നതിനു വേണ്ടി കേരള ജലസേചന വകുപ്പ് ചിമ്മിനി അണക്കെട്ട് വികസനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. മേൽ പറഞ്ഞ പദ്ധതിയുടെ ഭാഗമായാണ് അണക്കെട്ട് പരിസരത്തുള്ള കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനിയെ കുടിയൊഴിപ്പിച്ചത്. ഇതിനകം പുനരധിവാസിപ്പിച്ച സ്ഥലത്ത് നിന്ന് മിച്ചജനതയെ പുനരധിവസിപ്പിക്കേണ്ട ആവശ്യകത നിലവിൽ വന്നത് അനുസരിച്ച്, കേരള ജലസേചന വകുപ്പിൻെറ തൃശ്ശൂർ ഡിവിഷൻ 3.0252 ഹെക്ടർ സ്ഥലം ചാലക്കുടി താലൂക്കിലെ മുപ്ലിയം വില്ലേജിൽ കണ്ടെത്തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.

09.07.2019-ാം തിയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1523 ൽ കേരള സർക്കാരിൻെറ റവന്യൂ (ബി) വകുപ്പ് പ്രസിദ്ധീകരിച്ച 05.07.2019 തീയതിയിലെ വിജ്ഞാപനം നമ്പർ G.O.(P)No.37/2019/RD പ്രകാരം സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിനു കളമശ്ശേരി രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തുകയും കോളനിയെ പുനരധിവസിപ്പിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി പഞ്ചായത്തിൽ മുപ്ലിയം വില്ലേജിൽ 4.513 ഹെക്ടർ സ്ഥലം കണ്ടെത്തുകയും ചെയ്തു. എന്നാൽ 27/11/2019 തിയതിയിലെ റവന്യൂ (ബി) വകുപ്പിൻെറ ഉത്തരവ് നമ്പർ REV-B2/248/2018-REV പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ വ്യാപ്തി 4.5139 റിൽ നിന്ന് 3.0252 ആയി തിരുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(i) അനുശാസിക്കുന്ന പദ്ധതി പൊതു താത്പര്യത്തിന് കീഴിൽ വരുന്നു.

### 1.2 സ്ഥലം

പുനരധിവാസ പദ്ധതിക്ക് വേണ്ടി തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി പഞ്ചായത്തിൽ മുപ്ലിയം വില്ലേജിൽ 100, 101, 277,278, 279 എന്നീ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന 3.0252 ഹെക്ടർ സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. ദേശീയപാത 544-ൽ നിന്ന് 9.കി.മീ അകലെയും തൃശ്ശൂർ ജില്ലയിലെ പുതുക്കാട് ടൗണിനടുത്തായും സ്ഥിതി ചെയ്യുന്ന ചെറിയ ഒരു ഗ്രാമമാണ് മുപ്ലിയം. ഈ പ്രദേശം ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി പഞ്ചായത്തിൽ ഉൾപ്പെടുന്നു. സ്പെഷ്യൽ തഹസിൽദാർ (എൽ. എ. ജനറൽ, തൃശ്ശൂർ) പ്രസിദ്ധീകരിച്ച ഭൂമിയുടെ വിവരപ്രകാരം 13 ആഘാത ബാധിതരുടെ റബ്ബർ തോട്ടങ്ങളാണ് കൂടുതലായും പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്നത്.

### 1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

വരന്തരപ്പിള്ളി പഞ്ചായത്തിലെ മുപ്ലിയം വില്ലേജിൽ 3.0252 ഹെക്ടർ സ്ഥലം ആണ് കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനി പുനരധിവാസ പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കേണ്ടത്. പുരയിടം വിഭാഗത്തിലുള്ള ഭൂമിയുടെ ഏറിയ പങ്കും റബ്ബർ തോട്ടങ്ങളാണ്. ഇവ കൂടാതെ 2 കെട്ടിടങ്ങളും ആഘാത ബാധിതമാകുന്നു. ഈ കെട്ടിടങ്ങൾ റബ്ബർ കൃഷിയ്ക്ക് വേണ്ട സാധനങ്ങൾ സൂക്ഷിയ്ക്കാനും ഷീറ്റ് സംസ്കരണത്തിനും സംഭരണത്തിനും ഉപയോഗിക്കുന്നതാണ്. കുറുമാലി പുഴ കടന്നുപോകുന്ന പ്രദേശമായതുകൊണ്ട് താമസിക്കുന്നതിനേക്കാൾ ഉപരി കാർഷിക ആവശ്യങ്ങൾക്ക് സമൃദ്ധമായ മണ്ണാണത്. 8 പറമ്പുകളിലും കാർഷിക ആവശ്യത്തിനായി കുളമോ കിണറോ ഉണ്ട്.

ആഘാത ബാധിതരുടെ ഇടയിൽ നടത്തിയ സർവ്വേ പ്രകാരം, 3 കുടുംബങ്ങൾക്ക് 20 ആർ ൽ താഴെയും മറ്റു 3 കുടുംബങ്ങൾക്ക് 21 ആർ നും 40 ആർ നും ഇടയിലും ഭൂമി കൈവശമായിട്ടുണ്ട്. 4 കുടുംബങ്ങൾക്ക് 61–80 ആർ ന് ഇടയ്ക്കും ഒരു കുടുംബത്തിന് 41 ആർ നും 60 ആർ നും ഇടയ്ക്കുമുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം ഉണ്ട്. പദ്ധതി പ്രദേശങ്ങൾ ആഘാത ബാധിതർക്ക് പാരമ്പര്യമായി ലഭിച്ചതും 1990 നു മുമ്പ് ഉടമസ്ഥാവകാശം ലഭിച്ചതുമാണ്.

പദ്ധതിയുടെ ആഘാതബാധിതർ ഉൾപ്പെടെയുള്ള പൊതു സമൂഹത്തിനു പദ്ധതി യെക്കുറിച്ച് അനുകൂല നിലപാട് ആയതിനാൽ ഭൂമി ഏറ്റെടുക്കലിന് വളരെ കുറവ് എതിർപ്പുകളേ ഉണ്ടാകു എന്ന് പ്രതീക്ഷിക്കുന്നു. എന്നിരുന്നാലും നിയമങ്ങളും, നയങ്ങളും പ്രകാരം തൃപ്തികരമായ നഷ്ടപരിഹാരം നൽകുകയും ആഘാത ലഘൂകരണ മാർഗ്ഗങ്ങൾ നടപ്പിലാക്കുകയും ചെയ്യണം.

**1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ**

കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനിയുടെ സുഗമമായ പുനരധിവാസത്തിനു അർത്ഥനാധികാരി ഇതര മാർഗ്ഗങ്ങൾ പരിശോധിക്കുകയും ചാലക്കുടി താലൂക്കിലെ മുപ്ലിയം വില്ലേജിലെ പദ്ധതി പ്രദേശം കോളനിയിലെ നിലവിലെ സാഹചര്യങ്ങളോടു യോജിക്കുന്നതും മെച്ചപ്പെട്ട നാഗരിക സാഹചര്യങ്ങൾ ലഭ്യമാക്കും എന്നതിനാൽ അതിനോട് ജനങ്ങൾക്ക് പൊരുത്തപ്പെടാനാകുന്നതുമാണ് എന്ന് മനസ്സിലാക്കുന്നു.

**1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ**

നിർദ്ദിഷ്ട പുനരധിവാസ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ രൂപരേഖ പ്രകാരം നഷ്ടപ്പെട്ട 13 ഭൂവുടമകൾക്ക് ഭൂമി നഷ്ടമാവും എന്നതാണ് പദ്ധതിയുടെ പ്രധാന പ്രത്യാഘാതം. സാമൂഹ്യ പ്രത്യാഘാത പഠനസംഘം ഇതിൽ 11 പേരെ ആണ് സർവ്വേ ചെയ്തത്. 2 ആളുകളുടെ ഉടമസ്ഥതയിൽ ഉള്ള 2 കെട്ടിടങ്ങളും 8 ജല സ്രോതസ്സുകളും (കുളം/കിണർ) പദ്ധതിയുടെ ഭാഗമായി ബാധിതമാകുന്നു. പ്രത്യാഘാ തങ്ങളുടെ ലഘൂകരിച്ച വിവരങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| ആഘാത ബാധിതമാകുന്ന പുരയിടങ്ങൾ | :ഇല്ല |
| ആഘാത ബാധിതമാകുന്ന സ്ഥലം | :11 ഉടമകളുടെ |
| ആഘാത ബാധിതമാകുന്ന കെട്ടിടങ്ങൾ | :2 |
| ആഘാത ബാധിതമാകുന്ന കുടുംബ വരുമാനം | :9 കുടുംബങ്ങൾ |
| ഉപജീവന മാർഗ്ഗം നഷ്ടമാകുന്നത് | :2 കുടുംബങ്ങൾ |
| പദ്ധതി പ്രദേശത്തെ മരങ്ങൾ | :റബ്ബർ – 2142 (ഏകദേശം) |

| | |
|---|---|
| തെങ്ങ് | :41 |
| തേക്ക് | :21 |
| മറ്റ് മരങ്ങൾ | :16 |
| പദ്ധതി പ്രദേശത്തെ ജലസ്രോതസ്സുകൾ | :8 |

*കുറിപ്പ്: മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ വിവരദാതാക്കളിൽനിന്നും ലഭിച്ചതാണ്; രേഖാപരമായി തെളിവുകൾ പരിശോധിക്കേണ്ടതാണ്.*

കോളനിയിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുകയും വില്ലേജിലെ ഭൂമി വില മെച്ചപ്പെടുകയും ചെയ്യും എന്നതിനാൽ പദ്ധതിക്ക് വിപരീതാഘാതങ്ങൾ ഉണ്ടെങ്കിലും പദ്ധതി ബാധിതർക്ക് നിർദ്ദിഷ്ട പുനരധിവാസ പദ്ധതിയോട് അനുകൂല നിലപാടാണുള്ളത്.

**1.6 ലഘൂകരണ നടപടികൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിത കുടുംബങ്ങൾക്ക് നൽകേണ്ടതാണ്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിന്റെ 23/09/2015 തിയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No. 485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസികൾ പ്രകാരമുള്ള പുനരധിവാസ പുനസ്ഥാപന നടപടികൾ.

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

**2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം**

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ എച്ചിപ്പാറ എന്ന സ്ഥലത്താണ് ചിമ്മിനി ഡാം സ്ഥിതി ചെയ്യുന്നത്. കരുവന്നൂർ പുഴയുടെ പോഷക നദിയായ ചിമ്മിനി പുഴയിലാണ് ആണ് ഇത് നിർമ്മിച്ചിരിക്കുന്നത്. പശ്ചിമഘട്ട മലനിരകളാൽ ചുറ്റ പ്പെട്ട ചിമ്മിനി വന്യജീവി സങ്കേതം പ്രകൃതി സൗന്ദര്യത്താൽ മനോഹരമാണ്. ഈ അണക്കെട്ട് 1984 ൽ സ്ഥപിതമായെങ്കിലും അത് പൂർണ്ണമായി പ്രവർത്തനമാരംഭിച്ചത് 1996-ൽ ആണ്. ജലസേചന പ്രവർത്തനങ്ങൾക്കപ്പുറം ഈ അണക്കെട്ട് പ്രശസ്തമായ ഒരു വിനോദ സഞ്ചാരകേന്ദ്രം കൂടിയാണ്. ചിമ്മിനി റിസർവോയറിൽ 10 ചതുരശ്ര കി.മീ വിസ്തീർണ്ണവും 20 മീ. ആഴവുമുള്ള മനുഷ്യ നിർമ്മിത തടാകവും ഉണ്ട്. അണക്കെട്ടിൻെറ പ്രധാന ഉദ്ദേശ്യം തൃശ്ശൂർ ജില്ലയിലെ വിവിധ പ്രദേശങ്ങളിലേയ്ക്കുള്ള ജല വിതരണമാണ്. കൂടാതെ 2.5 MW ജല വൈദ്യുതിയും ഇവിടെ ഉത്പാദിപ്പിക്കുന്നു. എന്നിരുന്നാലും ജലവൈദ്യുത പദ്ധതികൊണ്ട് ഉദ്ദേശിച്ച അത്ര വൈദ്യുതി ഉൽപ്പാ ദിപ്പിക്കാൻ സാധിച്ചിട്ടില്ല. ഇപ്പോഴും ഇത് വികസനം പ്രാപിച്ചുകൊണ്ടിരിക്കുന്നു. ജലസേചന പദ്ധതിയുടെ ഭാഗമായി കനാലുകൾ ഒന്നും തന്നെ നിർമ്മിക്കപ്പെട്ടിട്ടില്ല.

ജലവിഭവ മന്ത്രാലയത്തിൻെറ കീഴിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു വിഭാഗമാണ് ജലസേചന വകുപ്പ്. ജലസ്രോതസ്സുകളുടെ ഗുണനിലവാരവും കാര്യക്ഷമമായ സംരക്ഷ ണവും നിർവ്വഹിച്ചുകൊണ്ട് കേരള സംസ്ഥാനത്തെ കാർഷിക ആവശ്യങ്ങൾക്കും ഭക്ഷ്യ സുരക്ഷയ്ക്കും ആവശ്യമായ ജലവിതരണം ഉറപ്പുവരുത്തിക്കൊണ്ടും സുസ്ഥിരമായ വികസനത്തിന് വേണ്ടി വകുപ്പ് പ്രവർത്തിക്കുന്നു. ഈ വിഭാഗത്തിൻെറ ഭരണ സംബ ന്ധമായ തീരുമാനങ്ങൾ എടുക്കുന്നത് കേരള വാട്ടർ റിസോഴ്സ് ഡിപ്പാർട്ട്മെൻറ് ആണ്. കൂടാതെ അഡ്മിനിസ്ട്രേറ്റീവ് തലവൻ അഡീഷണൽ സെക്രട്ടറിയും ഡിപ്പാർട്ട്

മെൻറിൻെറ സംഘടനാപരമായ തീരുമാനങ്ങൾ എടുക്കുകയും ജലവിഭവ മന്ത്രിയെ പിന്തുണയ്ക്കുകയും ചെയ്യുന്നു. ചീഫ് എഞ്ചിനീയർ വകുപ്പിൻെറ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും വകുപ്പിലെ വ്യത്യസ്ത് ഡിവിഷനുകളെ ഏകോപിക്കുകയും ചെയ്യുന്നു. കൂടാതെ പല വിഭാഗങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുന്നു. ജലസേചന വിഭാഗം തൃശ്ശൂർ ജില്ലയെ 5 ഉപവിഭാഗങ്ങൾ ആയി തിരിച്ചിരിക്കുന്നു. അതിൽ ഒന്നായ സി.ഡി.പി. എച്ചിപ്പാറ ഉപവിഭാഗമാണ് ചിമ്മിനി ഡാമിൻെറയും പദ്ധതി പ്രദേശത്തിൻെറയും ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്.

ചിമ്മിനി ഡാമിലെ ജലസേചന പദ്ധതിയും കനാലുകളും വികസിപ്പിക്കുന്നതിൻെറ ഭാഗമായി നാടംപാടം ഗിരിജൻ കോളനിയെ കുടിയൊഴിപ്പിക്കുകയും കള്ളിചിത്രയിൽ പുനരധിവസിപ്പിക്കുകയും ചെയ്തു. ആഘാത ബാധിത കുടുംബങ്ങൾക്ക് നൽകിയ ഭൂമിയുടെ പരിമിതി, പ്രഥമികമായി കൃഷിക്കും ഉപജീവന അവസരങ്ങൾക്കും വേണ്ടി പുനരധിവാസം വിപുലീകരിക്കുന്നതിലേക്ക് നയിച്ചു. ഇത് അനുസരിച്ച്, കേരള ജലസേചന വകുപ്പിൻെറ തൃശ്ശൂർ ഡിവിഷൻ 3.0252 ഹെക്ടർ സ്ഥലം ചാലക്കുടി താലൂക്കിലെ മുപ്ലിയം വില്ലേജിൽ കണ്ടെത്തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.

09.07.2019-ാം തിയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1523 ൽ കേരള സർക്കാരിൻെറ റവന്യൂ (ബി) വകുപ്പ് പ്രസിദ്ധീകരിച്ച 05.07.2019 തീയതിയിലെ വിഞ്ജാപനം നമ്പർ G.O.(P)No.37/2019/RD പ്രകാരം സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിനു കളമശ്ശേരി രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തുകയും കോളനിയെ പുനരധിവസിപ്പിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി പഞ്ചായത്തിൽ മുപ്ലിയം വില്ലേജിൽ 4.513 ഹെക്ടർ സ്ഥലം കണ്ടെത്തുകയും ചെയ്തു. എന്നാൽ 27/11/2019 തിയതിയിലെ റവന്യൂ (ബി) വകുപ്പിൻെറ ഉത്തരവ് നമ്പർ REV-B2/248/2018-REV പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ വ്യാപ്തി 4.5139 റിൽ നിന്ന് 3.0252 ആയി തിരുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള

അവകാശ നിയമം 2013 വകുപ്പ് 2(i) അനുശാസിക്കുന്ന പദ്ധതി പൊതു താത്പര്യത്തിന് കീഴിൽ വരുന്നു.

**2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു താൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി**

തൃശ്ശൂർ ജില്ലയിലെ ജലസേചന മാർഗ്ഗങ്ങൾ സുഗമമാക്കുന്നതിനും കനാൽ വികസനത്തിൻേറയും ഭാഗമായി കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനിയെ ചിമ്മിനി ഡാം പരിസരത്ത് നിന്ന് കുടിയൊഴിപ്പിച്ചു. കള്ളിചിത്രയിലെ പുനരധിവസ പദ്ധതി പ്രദേശത്തിന് കോളനിയിലെ കുടുംബങ്ങളുടെ ജീവിത, ഉപജീവന ആവശ്യങ്ങൾ നിറവേറ്റാനുള്ള ശേഷിയില്ല. കോളനിയിലെ ജനപെരുപ്പം മൂലം പുനരധിവാസം വിപുലീകരിക്കേണ്ടതായി വരുന്നു. 09.07.2019-ാം തിയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1523 ൽ കേരള സർക്കാരിൻെറ റവന്യൂ (ബി) വകുപ്പ് പ്രസിദ്ധീകരിച്ച 05.07.2019 തീയതിയിലെ വിഞ്ജാപനം നമ്പർ G.O.(P)No.37/2019/RD പ്രകാരം സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിനു കളമശ്ശേരി രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തുകയും കോളനിയെ പുനരധിവസിപ്പിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി പഞ്ചായത്തിൽ മുപ്ലിയം വില്ലേജിൽ 4.513 ഹെക്ടർ സ്ഥലം കണ്ടെത്തുകയും ചെയ്തു. എന്നാൽ 27/11/2019 തിയതിയിലെ റവന്യൂ (ബി) വകുപ്പിൻെറ ഉത്തരവ് നമ്പർ REV-B2/248/2018-REV പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ വ്യാപ്തി 4.5139 റിൽ നിന്ന് 3.0252 ആയി തിരുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(i) അനുശാസിക്കുന്ന പദ്ധതി പൊതു താത്പര്യത്തിന് കീഴിൽ വരുന്നു.

**2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ**

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി പഞ്ചായത്തിൽ മുപ്ലിയം വില്ലേജിൽ 100, 101,277, 278, 279 എന്നീ സർവ്വെ നമ്പർ ഉൾപ്പെടുന്ന 3.0252 ഹെക്ടർ സ്ഥലത്താണ് പുനരധിവാസ പദ്ധതി ഉദ്ദേശി ക്കുന്നത്. സ്പെഷ്യൽ തഹസിൽദാർ

(എൽ.എ ജനറൽ, തൃശ്ശൂർ) പ്രസിദ്ധീകരിച്ച സ്ഥല വിവരങ്ങൾ പ്രകാരം, പദ്ധതി പ്രദേശത്ത് പ്രധാനമായും 13 ഭൂവുടമകളുടെ റബ്ബർ തോട്ടങ്ങളാണുള്ളത്.

### 2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനിയുടെ പുനരധിവാസത്തിന് സുഗമവും തർക്കരഹിതവുമായ മാർഗ്ഗങ്ങളെപറ്റി അർത്ഥനാധികാരികൾ വിലയിരുത്തുകയും ചാലക്കുടി താലൂക്കിലെ മുപ്ലിയം വില്ലേജിൽ പദ്ധതി നടപ്പാക്കാൻ സ്ഥലം കണ്ടെത്തുകയും ചെയ്തു. കോളനിയിലെ നിലവിലെ സാഹചര്യങ്ങളോടു യോജിക്കുന്നതും മെച്ചപ്പെട്ട നാഗരിക സാഹചര്യങ്ങൾ ലഭ്യമായതും ആയ പ്രദേശം ആണ് പദ്ധതി പ്രദേശം.

### 2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

ഇതിനോടകം തന്നെ പുനരധിവസിപ്പിച്ച കോളനിയിലെ അധിക ഗോത്രവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനാണ് മുപ്ലിയം വില്ലേജിൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നത്. കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുക എന്നാതാണ് ഭൂമിയുടെ പ്രാഥമികോദ്ദേശ്യം എന്നതിനാലും കെട്ടിട നിർമ്മാണത്തിൻെറ ആവശ്യകത ഭാവിയിൽ മാത്രം ഉണ്ടാകുന്നതിനാലും അത്തരത്തിലുള്ള പദ്ധതികൾ ഒന്നും അർത്ഥനാധികാരി ആസൂത്രണം ചെയ്യുന്നില്ല.

### 2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

ഭാവിയിൽ എന്തെങ്കിലും കെട്ടിടങ്ങൾ പദ്ധതി പ്രദേശത്ത് നിർമ്മിക്കണമെങ്കിൽ അർത്ഥനാധികാരി വിശദമായ പദ്ധതി രേഖ തയ്യാറാക്കും. പദ്ധതിയുടെ പ്രധാന രൂപകൽപ്പന, സവിശേഷതകൾ, വലിപ്പം, സൗകര്യങ്ങൾ എന്നിവ റിപ്പോർട്ടിൽ ഉൾപ്പെടുത്തും.

### 2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

പുനധിവാസ പദ്ധതിയുടെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് പദ്ധതിക്ക് ആവശ്യമായ പ്രാഥമികവും അനുബന്ധവുമായ അടിസ്ഥാന സൗകര്യങ്ങൾ ഭാവിയിൽ ആസൂത്രണം ചെയ്യും.

**2.8 ആവശ്യമായ തൊഴിൽ ശക്തി**

ഏതെങ്കിലും സിവിൽ ജോലികൾ ആവശ്യമെങ്കിൽ കരാർ സമയത്ത് കേരള ജലസേചന വകുപ്പ് തീരുമാനിക്കുന്ന ശരിയായ യന്ത്രസാമഗ്രികളും ഉപകരണങ്ങളും സഹിതം സ്ഥിരവും കരാറിലുമുള്ള തൊഴിലാളികളേയും വിന്യസിക്കും.

**2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ**

ലഭ്യമായ വിവരങ്ങൾ വച്ച് ഈ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതങ്ങളെക്കുറിച്ചോ പരിസ്ഥിതി പ്രത്യാഘാതങ്ങളെക്കുറിച്ചോ പഠനങ്ങൾ മുൻപേ നടത്തിയിട്ടുള്ളതായി കാണുന്നില്ല. ഇതിന്റെ സാങ്കേതികമായ പ്രായോഗിക പഠനവും നടത്തിയിട്ടുള്ളതായി ഒരു സ്രോതസിലും കാണുന്നില്ല.

**2.10 ബാധകമായ നിയമങ്ങളും നയങ്ങളും**

കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനി പുനരധിവാസത്തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പുനരധിവാസം, പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013.

- കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

- കേരള സർക്കാർ – റവന്യൂ (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാ രത്തിനും സുതാര്യതയ്ക്കുമുള്ള നയം

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃര ധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ

വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതി യിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനി ക്കുന്നതിനുള്ള പോളിസി

- കേരള ജല സേചന, ജല സംരക്ഷണ നിയമം, 2003

- വിവരാവകാശ നിയമം 2005.

# അദ്ധ്യായം 3

# പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

### 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

09.07.2019-ാം തിയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1523 ൽ കേരള സർക്കാരിന്റെ റവന്യൂ (ബി) വകുപ്പ് പ്രസിദ്ധീകരിച്ച 05.07.2019 തീയതിയിലെ വിഞ്ജാപനം നമ്പർ G.O.(P)No.37/2019/RD പ്രകാരം സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിനും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ രൂപരേഖ ഉണ്ടാക്കുന്നതിനും കളമശ്ശേരി രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തി.

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിന്റെ പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 5 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനുവേണ്ടിയുള്ള വിവരശേഖരണവും ഏകോപനവും നടത്തിയത്. കൂടാതെ പ്രത്യാഘാത ബാധിത പ്രദേശങ്ങൾ കണ്ടെത്തുവാൻ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥ പ്രതിനിധികളുടെ സഹായവും ഉണ്ടായിരുന്നു. പഠന സംഘത്തിന്റെ വിവരങ്ങൾ പട്ടിക 3.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.1 പഠന സംഘം

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയോഗ്യത പദവി | പ്രവർത്തനപരിചയം |
|---|---|---|---|
| 1 | ഡോ:ബിനോയ് ജോസഫ് | പി.എച്ച്.ഡി.. എം.എ(എച്ച്.ആർ.എം), എൽ.എൽ.ബി. കൺസൾട്ടൻറ്, എസ്.ഐ.എ യൂണിറ്റ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 23 വർഷത്തെ പ്രവർത്തന പരിചയം |
| 2 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ, ചെയർപേർസൺ എസ്.ഐ.എ യൂണിറ്റ് | വികസനമേഖലയിൽ 31 വർഷത്തെ പ്രവർത്തന പരിചയം |
| 3 | മരിയ ടെൻസി വി.എസ് | എം.എ, ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 27 വർഷത്തെ |
| 4 | ബിജു സി.പി. | ബി.എ, ഡവലപ്മെൻറ് ഓഫീസർ എസ്.ഐ.എ യൂണിറ്റ് | വികസനമേഖലയിൽ 24 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ദിവ്യ പി.ജി | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ്, എസ്.ഐ.എ യൂണിറ്റ് | വികസനമേഖലയിൽ 10 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ജെയ്സി.കെ. എം | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ്, എസ്.ഐ.എ യൂണിറ്റ് | വികസനമേഖലയിൽ 1 വർഷത്തെ പ്രവർത്തന പരിചയം |

**3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതികരീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിന്റെ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും**

സ്പെഷ്യൽ തഹസിൽദാർ (LA ജനറൽ, തൃശ്ശൂർ) പ്രസിദ്ധീകരിച്ച സ്ഥലവിവര പ്രകാരം 13 വ്യക്തികളുടെ ഉടമസ്ഥതയിലുള്ള റബ്ബർ തോട്ടങ്ങളാണ് പ്രധാനമായും പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്നത്. പ്രാരംഭ പഠന സമയത്ത്, 2 ആഘാത ബാധിതർ തങ്ങളുടെ സ്ഥലം പദ്ധതിയിൽ ഉൾപ്പെടുന്ന ഒരു അറിയിപ്പും കിട്ടിയിട്ടില്ലായെന്ന് അറിയിച്ചതു മൂലം അവരെ സർവ്വെയിൽ നിന്ന് ഒഴിവാക്കി. അനന്തരമായി, പദ്ധതി യുടെ ആഘാത ലഘൂകരണ നിയന്ത്രണ ആസൂത്രണ രൂപരേഖ തയ്യാറാക്കുന്നതിനും പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനും ആവശ്യമായ നിർണ്ണായക വിവരങ്ങൾ ലഭിക്കുന്നതിന് ചോദ്യാവലി ഉപയോഗിച്ചുകൊണ്ടുള്ള സർവ്വെ നടത്തി.

പദ്ധതി പ്രദേശത്തെ സന്ദർശനത്തിലൂടെ ലഭ്യമായ വിവരങ്ങളുടെയും 11 ആഘാത ബാധിത കുടുംബങ്ങളിൽ നടത്തിയ സർവ്വേയിൽ നിന്നു കിട്ടിയ വിവരങ്ങളുടെയും വെളിച്ചത്തിൽ ലഭിച്ച കണ്ടെത്തലുകളും വിവരങ്ങളുമാണ് തുടർന്നുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നത്. സ്ഥലത്തിന്റെ അളവും പദ്ധതി പ്രത്യാഘാതവും ഓരോ വ്യക്തിയിലും വ്യത്യാസപ്പെട്ടിരിക്കുന്നു എന്നതിനാൽ പദ്ധതി നടപ്പാക്കുന്നതു മൂലമുള്ള പ്രത്യാഘാതത്തിന്റെ ആഴം മനസ്സിലാക്കുന്നതിന് സാമൂഹ്യ-സാമ്പത്തിക സർവ്വെ സംഘടിപ്പിച്ചു. കൂടാതെ, സ്ഥലത്തെ പ്രധാന വ്യക്തികളുമായി അഭിമുഖങ്ങളും ഗ്രൂപ്പ് ചർച്ചകളും നടത്തി.

ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ ഭവന സന്ദർശനം നടത്തി പ്രത്യേകം തയ്യാറാക്കിയ ചോദ്യാ വലി ഉപയോഗിച്ച് സാമൂഹ്യ സാമ്പത്തിക സർവ്വേയിലൂടെയാണ് പഠനത്തിന് ആവശ്യ മായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. അതുകൂടാതെ, പദ്ധതിപ്രദേശത്ത് നിന്ന് ദൂരെ താമസിക്കുന്ന ആഘാത ബാധിതരെ ഫോണിലൂടെ ബന്ധപ്പെട്ട് ഇതേ ചോദ്യങ്ങൾ ചോദിച്ച് വിവരങ്ങൾ ശേഖരിച്ചു. പദ്ധതിയുടെ പ്രത്യാഘാതങ്ങളെ കൃത്യമായി പഠിക്കുന്നതിന് സാമൂഹ്യ പ്രത്യാഘാത പഠനസംഘത്തിലെ വിദഗ്ദ്ധരുടെ നേതൃത്വ

ത്തിൽ പ്രത്യാഘാത ബാധിതർ, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, അധികാരികൾ, പദ്ധതിയുമായി ബന്ധപ്പെട്ട മറ്റുള്ളവർ എന്നിവരെ ഉൾപ്പെടുത്തി അഭിമുഖങ്ങളും ഗ്രൂപ്പ് ചർച്ചകളും നടത്തി പദ്ധതിയുടെ പൊതുവായ പ്രത്യാഘാതങ്ങൾ വിലയിരുത്തി.

ലൈസൻസ് ഉള്ള സ്റ്റാറ്റിസ്റ്റിക്കൽ സോഫ്റ്റ് വെയർ ടൂൾ SPSS(VER.17) ഉപയോഗിച്ചാണ് ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്യുകയും ഭൂമി ഏറ്റെടുക്കലിൻെറ തുടർ നടപടികൾക്കായി വിദഗ്ധ സംഘം കണ്ടെത്തലുകളെ വ്യാഖ്യാനിച്ച് സാമൂഹ്യ പ്രത്യാഘാത ദുരീകരണ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. പബ്ലിക് ഹിയറിംഗ് യോഗത്തിനിടയിൽ അവതരിപ്പിക്കുന്നതിനായി സാമൂഹ്യ പ്രത്യാഘാത പഠനത്തിൻെറ ഇംഗ്ലീഷിലും, മലയാളത്തിലുമുള്ള കരട് റിപ്പോർട്ടുകൾ തയ്യാറാക്കി പബ്ലിക് ഹിയറിംഗിൽ സമർപ്പിച്ചു.

**3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി**

പദ്ധതിയ്ക്കു വേണ്ടി കൈമാറേണ്ട സ്ഥലത്തിൻെറയും തന്മൂലമുണ്ടായേക്കാവുന്ന പ്രത്യാഘാതത്തിൻെറയും അളവ് ഓരോ വ്യക്തികൾക്കും വ്യത്യസ്തമാകയാൽ മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ സാമ്പത്തിക സർവ്വേയാണ് പഠനത്തിന് അഭികാമ്യമാകുന്നത്. പഠനവിധേയരായത് 11 ഭൂവുടമകൾ ആയതിനാൽ നിശ്ചിത സമയത്തിനകം വിവരശേഖരണം നടത്തുവാൻ കഴിഞ്ഞു.

**3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം**

വിദഗ്ധരായ ക്വാളിറ്റേറ്റീവും, ക്വാൺടിറ്റേറ്റീവുമായ ഗവേഷകർ പ്രാഥമിക വിവരങ്ങളും, ദ്വിതീയ വിവരങ്ങളും ശേഖരിക്കുകയും, വിശകലനം നടത്തുകയും ചെയ്തു. ദ്വിതീയ വിവരങ്ങൾ, റവന്യൂ/സിവിൽ സ്റ്റേഷനിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളിൽ നിന്ന് പല ഘട്ടങ്ങളായി ഫീൽഡ് ഇൻവെസ്റ്റിഗേറ്റേഴ്സ് ശേഖരിച്ചു.

സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ ആഘാത ബാധിതരിൽ നിന്ന് വിവരശേഖരണത്തിനായി മുൻകൂട്ടി ചോദ്യാവലി തയ്യാറാക്കുകയും പരിശോധിക്കുകയും സ്ഥിതീകരിക്കുകയും ചെയ്തു. 11 പദ്ധതി ബാധിത കുടുംബങ്ങളും സർവ്വേയുമായി പൂർണ്ണമായി

സഹകരിച്ചു. ജനസംഖ്യാപരം, സാമ്പത്തികം, കുടുംബം, ഉപജീവനമാർഗ്ഗം, പദ്ധതി ബാധിതമാകുന്ന വസ്തു വകകളുടെ വിവരം പ്രത്യാഘാത അളവ് എന്നീ വിവരങ്ങൾ ലഭ്യമാകുന്ന ചോദ്യങ്ങൾ ആണ് ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രത്യാഘാത ബാധിതരുടെ പ്രതികരണവും ശേഖരിച്ച വിവരങ്ങളും സ്റ്റാറ്റിസ്റ്റിക്കൽ സോഫ്റ്റ് വെയർ ഉപയോഗിച്ച് വിശകലനം ചെയ്യുകയും ഇതിന്റെ വെളിച്ചത്തിൽ ലഭിച്ച നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ശുപാർശകളോടെ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 3.5 തത്പര കക്ഷികളുമായുള്ള കൂടികാഴ്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും.

പഠനത്തിന്റെ ഭാഗമയി വിവിധ യോഗങ്ങളും അഭിമുഖങ്ങളും ചർച്ചകളും നടത്തുകയുണ്ടായി.

**പട്ടിക (3.5.1) യോഗങ്ങളുടെ സമയ പട്ടിക**

| തീയതി | പ്രവർത്തനം/മീറ്റിംഗ് | വേദി |
|---|---|---|
| 13.07.2019 | പദ്ധതി പ്രദേശം സന്ദർശനവും പ്രാരംഭ പഠനവും | മുപ്ലിയം വില്ലേജ്, ചാലക്കുടി |
| 18.07.2019 | സാമൂഹ്യ-സാമ്പത്തിക സർവ്വെയും പ്രധാന വ്യക്തികളുമായി അഭിമുഖങ്ങളും | മുപ്ലിയം വില്ലേജ്, ചാലക്കുടി |
| 01.10.2019 | നോട്ടീസ് വിതരണവും പബ്ലിക് ഹിയറിങ്ങിനെ പറ്റിയുള്ള വിവര പ്രചാരണവും | മുപ്ലിയം വില്ലേജ്, ചാലക്കുടി |
| 18.10.2019 | പബ്ലിക് ഹിയറിങ്ങ് | മുപ്ലിയം റബ്ബർ ഉത്പാദക സംഘം ഹാൾ, മുപ്ലിയം, ചാലക്കുടി |
| 09.12.2019 | അന്തിമ രേഖ സമർപ്പണം | |

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 ൽ ചട്ടം 14(1) ലെ ഫോറം 5 അനുസരിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം 2019 ഒക്ടോബർ 18 ന് മുപ്ലിയം റബ്ബർ ഉത്പാദാക സംഘം ഹാളിൽ വച്ച് രാവിലെ 10.30 ന് പബ്ലിക് ഹിയറിംഗ് നടത്തി. മീറ്റിംഗിനു മുൻപ് ആയി പദ്ധതിക്ക് ഏറ്റെടുക്കുന്ന പ്രദേശം ചതുപ്പ് നിലവും ഒരു പാറമടയും ക്രഷർ യൂണിറ്റും അടുത്ത് പ്രവർത്തിക്കുന്നതിനാലും പദ്ധതി പ്രദേശം പുനരധിവാസത്തിനു സാധ്യമല്ല എന്ന കാര്യം അറിയിച്ചുകൊണ്ട് പശ്ചിമഘട്ട സംരക്ഷണ സമിതി പ്രതിനിധി മിസ്റ്റർ എ.എം. ജയിനിൽ നിന്ന് ഒരു കത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘത്തിന് ലഭിച്ചു. എന്നിരുന്നാലും, പദ്ധതി ആഘാത ബാധിതരും പബ്ലിക് ഹിയറിംഗിൽ പങ്കെടുത്ത മറ്റുള്ളവരും ഈ വാദത്തെ നിരാകരിച്ചു. ശ്രീമതി. ജയശ്രീ ഗോവിന്ദൻ, ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്, ടി. ബ്രീജ കുമാരി, സ്പെഷ്യൽ തഹസിൽദാർ ലാലു.കെ.എസ്, എൽ.എ. ജനറൽ, റപ്പായി കെ.എൽ അസ്സി. എക്സിക്യൂട്ടിവ് എഞ്ചിനീയർ ചിമ്മിനി പ്രൊജകെട്, മഹേശ്വരി എം. മുപ്ലിയം വില്ലേജ് ഓഫീസ്, സാജു എസ്, റവന്യൂ ഇസ്പെക്ടർ എൽ.എ. ജനറൽ, പദ്ധതി ബാധിത കുടുംബങ്ങൾ എന്നിവർ പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തു.. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൻെറ കരട് രേഖ അവതരണത്തിനുശേഷം ആഘാത ബാധിതർ ഉന്നയിച്ച സംശയങ്ങൾക്കും ചോദ്യങ്ങൾക്കും അധികാരികൾ മറുപടി നൽകുകയും യോഗ നടപടികൾ ഓഡിയോ, വീഡിയോ റെക്കോർഡിംഗ് ചെയ്യപ്പെടുകയും ചെയ്തു. അനന്തരമായി, ആഘാത ബാധിതർ ഉന്നയിച്ച ചോദ്യങ്ങൾ അർത്ഥനാധികാരികൾക്ക് ഔദ്യോഗികമായി എഴുതി നൽകുകയും ഇവയുടെ എഴുതി തയ്യാറാക്കിയ മറുപടി അർത്ഥനാധികാരി തിരിച്ചയക്കുകയും ചെയ്തു. സംശയങ്ങളും അവയ്ക്കുള്ള വിശദീകര ണങ്ങളും താഴെ പട്ടികയിൽ ചേർക്കുന്നു.

# പബ്ലിക് ഹിയറിംഗ് ചിത്രങ്ങൾ

18/10/2019 തിയതി മുപ്ലിയം റബ്ബർ ഉത്പാദക സംഘം ഹാളിൽ വച്ച് നടന്ന പബ്ലിക് ഹിയറിംഗിൽ നിന്ന്






തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി പഞ്ചായത്തിൽ മുപ്ലിയം വില്ലേജിൽ കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനിയുടെ പുനരധിവാസത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ

തിയതി : 18/10/2019

വേദി : റബ്ബർ ഉത്പാദക സംഘം ഹാൾ, മുപ്ലിയം

**പബ്ലിക് ഹിയറിങ്ങിൽ പദ്ധതിബാധിത കുടുംബങ്ങൾ ഉന്നയിച്ച ചോദ്യങ്ങളും അവയ്ക്ക് എൽ എ ഓഫീസിൽ നിന്നും അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച മറുപടിയും താഴെ പട്ടികയിൽ ചേർക്കുന്നു**

പട്ടിക (3.5.2) പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിത കുടുംബങ്ങൾ ഉന്നയിച്ച ചോദ്യങ്ങളും അവയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും

| ക്രമനമ്പർ | അഭിപ്രായം പറയുന്ന വ്യക്തി//സർവ്വെ നമ്പർ | അഭിപ്രായം/ആശങ്ക | ബന്ധപ്പെട്ട അധികാരിയുടെ മറുപടി (എൽ എ ജനറൽ & ഇറിഗേഷൻ വകുപ്പ്, എച്ചിപ്പാറ സബ് ഡിവിഷൻ, ചിമ്മിനി ഡാം പ്രൊജക്ട്) |
|---|---|---|---|
| 1 | പത്രോസ്<br><br>278/pt<br>277/pt<br>100/pt<br>101/pt | എത്ര ഏക്കർ സ്ഥലമാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്?<br><br>റബ്ബർ കൂടാതെ മറ്റ് മരങ്ങളും ആഘാത ബാധിതമാകുന്നുണ്ട്. അത് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.<br><br>ജോസിൻെറ സ്ഥലം കൂടി എടുക്കുന്നുണ്ടെങ്കിൽ റബ്ബറിൻെറ എണ്ണം | 71/2 ഏക്കർ സ്ഥലമാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്.<br><br>ഭൂമി ഏറ്റെടുത്ത് അവാർഡ് പാസാക്കുന്നതിനു മുമ്പ് സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ സ്ഥലം സന്ദർശിച്ച് ഏറ്റെടുക്കുന്ന ഭൂമിയിലെ മരങ്ങളുടേയും നിർമ്മിതികളുടേയും കണക്കെടുക്കുന്നതാണ്. ആ സമയത്ത് എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നതാണ്.<br><br>ജോസിൻെറ സ്ഥലം ഏറ്റെടുക്കുന്നതിൽ |

| | | | |
|---|---|---|---|
| | | കൂടും. | ഉൾപ്പെടുന്നില്ല. |
| 2 | പത്രോസ്<br>278/pt<br>277/pt<br>100/pt<br>101/pt | രണ്ട് വീടുകൾ പദ്ധതി സ്ഥലത്തുണ്ട്. അത് കുടിയൊഴിപ്പിക്കേണ്ടി വരുമോ? | പദ്ധതി പ്രദേശത്തുള്ള രണ്ട് വീടുകൾ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നില്ല. |
| 3 | ജോസ് | എ.ഡി. വറീതിന്റെ സ്ഥലം മുറിച്ചാണ് ഏറ്റെടുക്കുന്നത്. അങ്ങനെ ചെയ്യുമ്പോൾ കോണോട് കോൺ ഏറ്റെടുക്കാതെ നേരെ ആയി തിരിച്ച് ഏറ്റെടുക്കണം. അല്ലെങ്കിൽ ഒരു ഭാഗം വാല് പോലെ ഉപയോഗമില്ലാത്ത രീതിയിൽ ആകും. | ചോദ്യത്തിൽ ഉന്നയിച്ചതുപോലെ ഭൂമി ഏറ്റെടുക്കുന്ന പക്ഷം എൽ.എ.ആർ.ആർ. ആക്ട് സെക്ഷൻ 94 ന്റെ 3,4, ഉപവകുപ്പുകൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |
| 4 | പത്രോസ് | ഞങ്ങൾക്ക് ന്യായമായ വില ലഭിക്കണം. ഇനിയുള്ള നടപടിക്രമങ്ങൾ എങ്ങനെയാണ്? | എൽ.എ.ആർ.ആർ ആക്റ്റ് 2013 സെക്ഷൻ 30(2), സെക്ഷൻ 26(2), സെക്ഷൻ 30, സെക്ഷൻ 30(2) കാണുക |
| 5 | പേര് വിവരം ലഭ്യമല്ല | സാധാരണ ആധാരം ചെയ്യുമ്പോൾ കുറഞ്ഞ വിലയല്ലെ കാണിക്കുക. അപ്പോൾ അതിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിച്ചാൽ ഞങ്ങൾക്ക് കുറഞ്ഞ വിലയല്ലെ കിട്ടുകയുള്ളൂ? | എൽ.എ.ആർ.ആർ ആക്റ്റ് 2013 സെക്ഷൻ 30(2), സെക്ഷൻ 26 പ്രകാരമാണ് നടപടി സ്വീകരിക്കുന്നത്. |
| 6 | ഔസേഫ്, (മെമ്പർ) | 7 1/2 ഏക്കർ സ്ഥലം ഏറ്റെടുക്കുമ്പോൾ 30 വീട്ടുകാർക്ക് 40 സെൻറ് വച്ച് കൊടുക്കുവാൻ തികയുമോ? | പുനരധിവാസ നടപടികളിൽ നിലവിൽ ബാക്കിയുള്ള 12 കുടുംബങ്ങൾക്കാണ് 7.5 ഏക്കർ ഏറ്റെടുക്കുന്നത്. |

| | | | |
|---|---|---|---|
| 7 | ജോസ് | മരങ്ങൾ മുറിച്ച് കളയുന്നത് വരെ ഞങ്ങൾക്ക് റബ്ബർ പാലെടുക്കാൻ സാധിക്കുമോ? | LARR ആക്റ്റ് 2013 സെക്ഷൻ 11(1) കാണുക |
| 8 | ഔസേഫ്, മെമ്പർ | അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വഴി സൗകര്യം, വൈദ്യുതി, അംഗൻവാടി, സ്ക്കൂൾ എന്നിവയും ശേഖരിക്കുന്ന വനവിഭവങ്ങൾ വിൽക്കാനുള്ള സൗകര്യവും പുനരധിവസിപ്പിക്കപ്പെടുന്ന ജനങ്ങൾക്ക് ലഭ്യമാക്കണം. | |

# അദ്ധ്യായം –4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

**4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം**

ചിമ്മിനി ഡാം പരിസരത്ത് നിന്ന് കുടിയൊഴിപ്പിക്കപ്പെട്ട കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനിയിലെ മിച്ച ജനസംഖ്യയെ പുനരധിവസിപ്പിക്കുക എന്നതാണ് പദ്ദതിയുടെ ലക്ഷ്യം. ചാലക്കുടി താലൂക്കിലെ മുപ്ലിയം വില്ലേജിൽ 3.0252 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം 13 വ്യക്തികളുടെ ഉടമസ്ഥതയിൽ ഉള്ളതും നിലവിൽ റബ്ബർതോട്ടങ്ങളുമാണ്. നിർദ്ദിഷ്ട പ്രദേശം ഗ്രാമപ്രദേശവും റവന്യൂ രേഖകൾ പ്രകാരം ഏറ്റെടുക്കുന്ന സ്ഥലങ്ങൾ പുരയിടവുമാണ്.

**4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം**

തൃശ്ശൂർ ജില്ലയിലെ പുതുക്കാടിനു അടുത്തുള്ള ഒരു ചെറിയ ഗ്രാമപ്രദേശമാണ് മുപ്ലിയം. ഇത് ദേശിയ പാത 544-ൽ നിന്ന് 9 കി.മീ ഉം തൃശ്ശൂരിൽ നിന്ന് 13 കി.മീ. അകലെ ആയിട്ടാണ് സ്ഥിതി ചെയ്യുന്നത്. ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി പഞ്ചായത്തിലാണ് മുപ്ലിയം ഉൾപ്പെടുന്നത്. കുറുമാലിപുഴ ഇതിലൂടെ കടന്നു പോകുന്നു. മുപ്ലിയത്തിലെ മുനിയാട്ടുകുന്ന് സർക്കാർ നടപടി പ്രകാരം സംരക്ഷിക്കപ്പെടുന്ന സ്മാരകമായ പുരാതന ശവകുടീരങ്ങളാൽ പ്രസിദ്ധമാണ്. ഗ്രാമ പ്രദേശമാണെങ്കിലും മുപ്ലിയത്തിൽ വില്ലേജ് ഓഫീസ്, പോസ്റ്റോഫീസ്, സ്കൂളുകൾ, ബാങ്ക്, ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ ഉണ്ട്. പല മത വിശ്വാസങ്ങളുടെ ആരാധനാലയങ്ങളും ഇവിടെ ഉണ്ട്.

പുതുക്കാട് നിന്ന് 12 കി.മീ അകലെ സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം റബ്ബർ തോട്ടങ്ങൾ ഏറെയുള്ള കൃഷി ഭൂമിയാണ്. കൊച്ചി–സേലം നാഷണൽ ഹൈവേ, പുതുക്കാട്– മുപ്ലിയംറോഡ്, പുതുക്കാട്–മന്നാംപെട്ട റോഡ് എന്നീ സ്ഥലങ്ങളിലൂടെ

ഇവിടെ എത്തിച്ചേരാൻ സാധിക്കും. പദ്ധതി പ്രദേശത്ത് നിന്ന് 13 കി.മീ. മാറി സ്ഥിതി ചെയ്യുന്ന പുതുക്കാട് റെയിൽവേ സ്റ്റേഷൻ ആണ് ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷൻ.

**4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി പഞ്ചായത്തിൽ മുപ്ലിയം വില്ലേജിൽ 100, 101, 277, 278, 279 എന്നീ സർവ്വെ നമ്പർ ഉൾപ്പെടുന്ന 3.0252 ഹെക്ടർ പ്രദേശത്താണ് നിർദ്ദിഷ്ട പദ്ദതി നടപ്പാക്കുന്നത്. റവന്യൂ രേഖകൾ പ്രകാരം പുരയിട വിഭാഗത്തിൽപ്പെടുന്ന ഈ പ്രദേശത്ത് റബ്ബർകൃഷി ആണ് കൂടുതലായും ചെയ്യുന്നത്.

**4.4.പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

പദ്ധതി പ്രദേശം ഒരു ഉൾനാടൻ പ്രദേശമാണ്. ഇവിടെ പൊതുജനങ്ങൾ ഉപയോഗി ക്കുന്ന സ്ഥലം ഒന്നും ഇല്ല.

**4.5 പദ്ധതിക്കായി വില കൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്ന തോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം**

കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനിയെ പുനരധിവസിപ്പിക്കുന്നതിനായി 3.0252 ഹെക്ടർ സ്ഥലം ആവശ്യമായിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള വിവരമനുസരിച്ച് നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി നിലവിൽ ഭൂമി വിലയ്ക്ക് വാങ്ങുകയോ, പാട്ടത്തിനെടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

**4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

പദ്ധതി പ്രദേശമായി തെരഞ്ഞെടുത്തിരിക്കുന്ന ചാലക്കുടി താലൂക്കിലെ മുപ്ലിയം വില്ലേജും സമീപ പ്രദേശങ്ങളും റബ്ബർ കൃഷിക്ക് പേരുകേട്ട സ്ഥലങ്ങൾ ആണ്. കുറുമാലി നദി കടന്നു പോകുന്നതിനാൽ ഇവിടെ കൃഷിക്ക് അനുയോജ്യമായ മണ്ണാണ്. ഇത് കൂടാതെ തെങ്ങ്, കുരുമുളക്, ജാതി എന്നിവയും ഇവിടെ കൃഷി ചെയ്യുന്നു. ഈ

പ്രദേശത്തു നിന്ന് പ്രധാന പട്ടണങ്ങളിലേക്കും ജില്ലാ തലസ്ഥാനത്തേക്കും പ്രവേശന മാർഗ്ഗങ്ങൾ ഉണ്ട് എന്നതിനാലും വിദ്യാഭ്യാസം, ആരോഗ്യം മറ്റ് ആവശ്യ സൗകര്യങ്ങൾ എന്നിവ പ്രാപ്തമാകും എന്നതിനാലും കോളനി നിവാസികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ലഭ്യമാകും.

**4.7 ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം പദ്ധതി പ്രദേശം 11 ആഘാത ബാധിതരുടെ പുരയിടം വിഭാഗത്തിൽപ്പെടുന്ന റബ്ബർ തോട്ടങ്ങളാണ്. കുറുമാലി പുഴയൊഴുകുന്നത് കൊണ്ട് ഈ പ്രദേശത്ത് മണ്ണ് വളരെ ഫലഭൂയിഷ്ടവും ജലം കൃഷിക്ക് സമ്പന്നവും ആയതു മൂലം തെങ്ങ്, കുരുമുളക് മുതലായവയും പ്രദേശത്ത് കൃഷി ചെയ്യുന്നു. ഇതിൽ 8 സ്ഥലങ്ങളിലും കിണർ അല്ലെങ്കിൽ കുളം ജലസ്രോതസ്സായി ഉണ്ട്. കൂടാതെ, 2 പദ്ധതി ബാധിത സ്ഥലങ്ങളിൽ റബ്ബർ ഷീറ്റ് സംസ്കരണത്തിനും സംഭരണത്തിനുമായി ഉപയോഗിക്കുന്ന കെട്ടിടങ്ങളും ഉണ്ട്.

**4.8. കൈവശഭൂമിയുടെ അളവ്,ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം**

നിർദ്ദിഷ്ട പുനരധിവാസ പദ്ധതി 3.0252 ഹെക്ടർ ഭൂമി ഉൾപ്പെടുന്നതാണ്. ആഘാതബാധിതരിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് 3 കുടുംബങ്ങൾക്ക് 20 ആർ ൽ കുറവും, 3 കുടുംബങ്ങൾക്ക് 1-40 ആർനും ഇടയിലും നാല് കുടുംബങ്ങൾക്ക് 61-80 ആർ-ഉം ഒരു കുടുംബത്തിന് 41-60 ആർനും ഇടയിലും ഉള്ള സ്ഥലങ്ങൾ ആണ് കൈവശമായിട്ടുള്ളത് (ചിത്രം 4.8.1.)

പദ്ധതി പ്രദേശം പരമ്പരാഗതമായി ലഭ്യമായതും 1990-നു മുൻപ് ഉടമസ്ഥാവകാശം കിട്ടുകയും ചെയ്തതാണ്. പദ്ധതി പ്രദേശത്ത് വീടുകൾ ഒന്നും തന്നെ ഇല്ല എങ്കിലും റബ്ബർഷീറ്റ് സംസ്കരണത്തിനും സംഭരണത്തിനുമുപയോഗിക്കുന്ന രണ്ട് കെട്ടിടങ്ങളും ആഘാത ബാധിതമാകുന്നു.

ചിത്രം 4.8.1 കൈവശഭൂമിയുടെ അളവ്




### 4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

പ്രദേശത്തെ നിലവിലെ വിൽപന വച്ച് ഭൂമിയുടെ കമ്പോള നിലവാരം സെൻറിന് ഏകദേശം 35000 രൂപയാണ്. വിവരദാതാക്കളിൽ നിന്നും ലഭിച്ച വിവര പ്രകാരം 3 വർഷത്തിനുള്ളിൽ ആഘാത ബാധിത വസ്തുക്കളിൽ യാതൊരു വിധ വ്യവഹാരങ്ങളും നടന്നിട്ടില്ല. കഴിഞ്ഞ നാളുകളായി പദ്ധതി പ്രദേശത്തെ കൃഷിയിലും ഭൂമിയുടെ മറ്റ് ഉപയോഗങ്ങളിലും യാതൊരു വിധ മാറ്റങ്ങളും വന്നിട്ടില്ല.

# അദ്ധ്യായം –5

# ആഘാത ബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

### 5.1 പദ്ധതിയുടെ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

തൃശ്ശൂർ ജില്ലയിലെ ജില്ലാ കളക്ടറുടെ 21-05-2019 തീയതിയിലെ കത്തിനോടൊപ്പം ലഭ്യമായ സ്പെഷ്യൽ തഹസിൽദാരുടെ പട്ടിക പ്രകാരം, കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനി പുനരധിവാസത്തിനായി 13 കുടുംബങ്ങളിൽ നിന്ന് 3.0252 ഹെക്ടർ സ്ഥലം ആവശ്യമായിട്ടുണ്ട്. ആഘാത ബാധിത പട്ടികയിൽ ഉള്ള 2 കുടുംബങ്ങൾ തങ്ങളുടെ സ്ഥലം പദ്ധതിയിൽ ഉൾകൊള്ളിച്ചിട്ടില്ലായെന്ന് അറിയിച്ചതിനാൽ അവരെ പഠനത്തിൽനിന്ന് ഒഴിവാക്കി. 11 കുടുംബങ്ങളെ പറ്റിയുള്ള പഠനങ്ങൾ തുടർന്ന് വരുന്ന ഭാഗങ്ങളിൽ ചേർക്കുന്നു.

### 5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

സ്ഥലത്തിന്റെ അളവ്, സർവ്വെ നമ്പർ, സ്ഥലത്തിന്റെ തരം എന്നിവയോടൊപ്പമുള്ള ആഘാത ബാധിതരുടെ വിവരങ്ങൾ താഴെ പട്ടികയിൽ നൽകുന്നു.

പട്ടിക (5.1.1) പദ്ധതി ബാധിത കുടുംബങ്ങൾ

| ക്രമ നമ്പർ | കൈവശക്കാരന്റെ പേരും വിലാസവും | സർവ്വേ നമ്പർ | ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|
| 1 | ആന്റണി<br>അയനിക്കാടൻ<br>മുപ്ലീയം പി.ഒ.<br>തൃശ്ശൂർ 680 312 | 278/Pt<br>101/Pt | പുരയിടം | 28.32 |
| 2 | പത്രോസ്, | 278/Pt<br>277/Pt | പുരയിടം | 74.46 |

| | | | | |
|---|---|---|---|---|
| | അയനിക്കാടൻ<br>മുപ്ലീയം പി.ഒ.<br>തൃശ്ശൂർ 680 312 | 100/Pt<br>101/Pt | | |
| 3 | തങ്കമ്മ<br>W/o.പത്രോസ്,<br>അയനിക്കാടൻ<br>മുപ്ലീയം പി.ഒ.<br>തൃശ്ശൂർ 680 312 | 100/Pt | പുരയിടം | 8.09 |
| 4 | വറീത്,<br>അയനിക്കാടൻ<br>മുപ്ലീയം പി.ഒ.<br>തൃശ്ശൂർ 680 312 | 278/Pt<br>101/Pt | പുരയിടം | 80.93 |
| 5 | മറിയം<br>W/o.വറീത്,<br>അയനിക്കാടൻ<br>മുപ്ലീയം പി.ഒ.<br>തൃശ്ശൂർ 680 312 , | 100/Pt | പുരയിടം | 80.93 |
| 6 | ജോൺസൺ,<br>അയനിക്കാടൻ<br>മുപ്ലീയം പി.ഒ.<br>തൃശ്ശൂർ 680 312 | 101/Pt<br>279/Pt | പുരയിടം | 40.46 |
| 7 | ജെസ്സി<br>W/o.ജോൺസൺ,<br>അയനിക്കാടൻ<br>മുപ്ലീയം പി.ഒ.<br>തൃശ്ശൂർ 680 312 | 278/Pt | പുരയിടം | 40.46 |

| | | | | |
|---|---|---|---|---|
| **8** | ദേവസ്സി<br>അയനിക്കാടൻ<br>മുപ്ലീയം പി.ഒ.<br>തൃശ്ശൂർ 680 312 | 100/Pt | പുരയിടം | 16.99 |
| **9** | മറിയം<br>W/o.ദേവസ്സി<br>അയനിക്കാടൻ<br>മുപ്ലീയം പി.ഒ.<br>തൃശ്ശൂർ 680 312 | 100/Pt | പുരയിടം | 80.93 |
| **10** | ഷാര,<br>അയനിക്കാടൻ<br>മുപ്ലീയം പി.ഒ.<br>തൃശ്ശൂർ 680 312 | 100/Pt | പുരയിടം | 15.78 |
| **11** | റപ്പായി<br>അയനിക്കാടൻ<br>മുപ്ലീയം പി.ഒ.<br>തൃശ്ശൂർ 680 312 | 100/Pt<br>278/Pt<br>277/Pt | പുരയിടം | 60.29 |

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

നിർദ്ദിഷ്ട പുനരധിവാസ പദ്ധതിയിലൂടെ തൃശ്ശൂർ ജില്ലയിലെ മുപ്ലിയം വില്ലേജിലെ 3.0252 ഹെക്ടർ സ്ഥലം ആണ് ഏറ്റെടുക്കാനായി ഉൾപ്പെടുന്നത്. പദ്ധതി പ്രദേശം 11 കുടുംബങ്ങളുടെ റബ്ബർ കൃഷിക്ക് ഉപയോഗിക്കുന്ന സ്ഥലങ്ങൾ ആണ്. പട്ടികവിഭാഗത്തിൽ ഉൾപ്പെടുന്നതോ പ്രത്യേക വനാവകാശ നിയമത്തിൻ കീഴിൽ വരുന്നതൊ ആയ ആളുകൾ ആഘാത ബാധിതമാകുന്നില്ല.

**5.3. പൊതു വിഭവങ്ങൾ ആഘാത ബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

ചാലക്കുടി താലൂക്കിലെ മുപ്ലിയം വില്ലേജിൽ കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനിയെ പുനരധിവസിപ്പിക്കുന്നതു മൂലം യാതൊരു വിധ പൊതു വിഭവങ്ങൾക്ക് ആഘാത മേൽക്കുകയോ പൊതുസ്വത്ത് നശിപ്പിക്കപ്പെടുകയോ ചെയ്യുന്നില്ല.

**5.4.കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

കേന്ദ്ര-സംസ്ഥാന സർക്കാർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ സ്ഥലം ലഭിച്ച കുടുംബങ്ങൾ ഒന്നും പദ്ധതി പ്രദേശത്തില്ല.

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ആഘാതബാധിതരായ കുടുംബങ്ങൾ കഴിഞ്ഞ 3 വർഷത്തിനിടെ പദ്ധതി പ്രദേശം വാങ്ങിയവരല്ല. നിർദ്ദിഷ്ട ഭൂമി പരമ്പരാഗതമായി കൈമാറി കിട്ടിയതും 1965-നും 1990-നും ഇടയ്ക്ക് ഉടമസ്ഥാവകാശം ലഭിച്ചതുമാണ്.

**5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

ചാലക്കുടി താലൂക്കിലെ കുറുമാലി പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന പ്രശാന്ത സുന്ദരമായ പ്രദേശമാണ് മുപ്ലിയം. റബ്ബർ കൃഷി പ്രധാന വരുമാനമാർഗ്ഗമായ ഈ പ്രദേശത്തെ 2 ആഘാത ബാധിതർ (ശ്രീ.വറീത് & ശ്രീമതി.മറിയം വറീത്) ഭൂമി ഏറ്റെടുക്കൽ, റബ്ബറിൽ നിന്നും തെങ്ങിൽ നിന്നുമുള്ള തങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗത്തെ ബാധിക്കുമെന്ന് അറിയിച്ചു. ഭൂമി ഏറ്റെടുക്കുന്നതിലൂടെ മറ്റ് കുടുംബങ്ങളുടെയും വരുമാനമാർഗ്ഗത്തെ ബാധിക്കുമെങ്കിലും അത് അവരുടെ ഉപജീവനമാർഗ്ഗമല്ല.

**5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

നിർദ്ദിഷ്ട പദ്ധതിയ്ക്ക് വേണ്ടി കണ്ടെത്തിയ പ്രദേശം ഉടമസ്ഥർ നേരിട്ട് കൈകാര്യം ചെയ്യുന്ന റബ്ബർ തോട്ടങ്ങളാണ്. താത്കാലികമായുള്ള റബ്ബർ ടാപ്പിംഗ് തൊഴിലാളികൾക്ക് പുറമെ ആരും തന്നെ കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനിയെ മുപ്ലിയത്തേക്ക് പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി പരോക്ഷ ആഘാത ബാധിതരാകുന്നില്ല.

**5.6.2. ഫലദായക വസ്തുക്കളും പ്രത്യേക സ്ഥലങ്ങളും**

പദ്ധതി പ്രദേശത്ത് പ്രധാനമായും ഉള്ളത് റബ്ബർ തോട്ടങ്ങളാണ്. 3.0252 ഹെക്ടർ പ്രദേശത്തെ ഏകദേശം 2142 റബ്ബറും, 41 തെങ്ങും, 21 തേക്കും 16 മറ്റ് മരങ്ങളും ആഘാതബാധിതമാകും. റബ്ബർ കൃഷിയ്ക്കും റബ്ബർ ഷീറ്റ് സംസ്കരണത്തിനും സംഭരണത്തിനും ഉപയോഗിക്കുന്ന 2 കെട്ടിടങ്ങളും ആഘാതബാധിതമാകും. കൂടാതെ പദ്ധതി പ്രദേശത്ത് 8 ജല സ്രോതസ്സുകളും കണ്ടെത്തിയിട്ടുണ്ട്.

# അദ്ധ്യായം –6

# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം

# (പദ്ധതി പ്രദേശവും പുനസ്ഥാപന പ്രദേശവും)

**6.1. പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ**

ജില്ലയിലെ ജന സംഖ്യാവർദ്ധനവ് കാരണം ചിമ്മിനി ഡാമിന്റെ കാലക്രമേണയുള്ള വികസനത്തിന് കൂടുതൽ പ്രാധാന്യം ലഭിക്കുന്നു. കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനിയെ അണക്കെട്ട് പരിസരത്തു നിന്ന് കുടിയൊഴിപ്പിക്കുകയും ജില്ലാഭരണാകൂടവും ജലസേചന വിഭാഗവും ചാലക്കുടി താലൂക്കിൽ മുപ്ലിയം വില്ലേജിൽ 3.0252 ഹെക്ടർ സ്ഥലം കണ്ടെത്തുകയും ചെയ്തു. ആഘാതബാധിതരായ 11 കുടുംബങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഭൂരിഭാഗം പ്രദേശവും തന്നെ അയിനിക്കാടൻ കുടുംബത്തിന്റെ ഉടമസ്ഥതയിൽ ആണ് ഉള്ളത്. ആഘാതബാധിത കുടുംബങ്ങൾ ക്രിസ്ത്യൻ മതവിശ്വാസത്തിൽ ഉള്ളവരും പൊതുവിഭാഗത്തിൽ ഉൾപ്പെ ടുന്നവരുമാണ്.

ആഘാതബാധിതർ ആകുന്ന 51 കുടുംബാംഗങ്ങളുടെ പ്രായം വിശകലനം ചെയ്യു മ്പോൾ അതിൽ 26–45 നും 45–60നും ഇടയിൽ പ്രായമുള്ള 11 വ്യക്തികളും 70 വയസ്സിന്റെ മുകളിൽ പ്രായമുള്ള 7 വ്യക്തികളും ആണ് ഉള്ളത്. ഇതിൽ നിന്ന് ആഘാ തബാധിത കുടുംബങ്ങളിൽ പ്രായമായവർ കൂടുതലായി ഉണ്ടായിരുന്നു എന്ന് മനസ്സിലാക്കാം. 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണവും, 16–25 വയസ്സിന് ഇടയിൽ ഉള്ളവരുടെ എണ്ണവും 5 വീതം ആണ്. 6–15 ഉം 61–70 പ്രായ വിഭാഗങ്ങളിൽ 6 പേർ വീതം ഉണ്ട്. (ചിത്രം 6.1.1)

ചിത്രം (6.1.1) പ്രായം




ചിത്രം 6.1.2 വിശദമാക്കുന്നത് ആളുകളുടെ ലിംഗാടിസ്ഥാന വിവരങ്ങൾ ആണ്. ചോദ്യാവലിയിലൂടെ ശേഖരിച്ച പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീകൾ 26–ഉം പുരുഷന്മാർ 25–ഉം ആണ് ഉള്ളത്.

ചിത്രം (6.1.2) ലിംഗം



ചിത്രം 6.1.3–ൽ കാണിയ്ക്കുന്നത് വൈവാഹികാവസ്ഥ ആണ്. 33 ആളുകൾ വിവാഹിതരും ബാക്കിയുള്ള 18 പേർ അവിവാഹിതരോ കുട്ടികളോ ആണ്.

ചിത്രം (6.1.3.) വൈവാഹികാവസ്ഥ




ആഘാതബാധിതരുടെ വിദ്യാഭ്യാസ പശ്ചാത്തലം സംബന്ധിച്ച് ജനസംഖ്യയുടെ പകുതിയോളം പേർക്ക് (24 പേർ) കോളേജ് വിദ്യാഭ്യാസം നേടിയവരും അതിൽ ബിരുദധാരികൾ, ബിരുദാനന്തര ബിരുദധാരികൾ പ്രൊഫഷണൽ ബിരുദധാരികൾ ആയവർ യഥാക്രമം 10, 8, 6 എന്നിങ്ങനെയാണെന്ന് സർവ്വെ വെളിപ്പെടുത്തുന്നു. 12 പേർ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയവരോ പഠിക്കുന്നവരോ ആണ്. 7 പേർ എൽ.പി.സ്കൂൾ വിദ്യാഭ്യാസവും 2 പേർ യു.പി. സ്കൂൾ വിദ്യാഭ്യാസവും നേടി. (പട്ടിക 6.1.1)

പട്ടിക (6.1.1.) വിദ്യാഭ്യാസ നിലവാരം

| വിദ്യാഭാസ നിലവാരം | ആളുകളുടെ എണ്ണം |
|---|---|
| എൽ.പി. സ്കൂൾ | 7 |
| യു. പി സ്കൂൾ | 2 |

| | |
|---|---|
| ഹൈസ്ക്കൂൾ | 12 |
| യു.ജി. | 10 |
| പി. ജി. | 8 |
| മറ്റ് പ്രൊഫെഷണൽ ഡിഗ്രി | 6 |

**6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും**

ചിത്രം 6.2.1–ൽ പറഞ്ഞിരിക്കുന്നതുപോലെ 11 കുടുംബങ്ങളിൽ 6 ആഘാത ബാധിതരുടെ മാസവരുമാനം 20,000 രൂപയുടെ മുകളിലും 2 കുടുംബങ്ങളുടേത് 100000 രൂപയും, 5 കുടുംബങ്ങളുടേത് 20,000–ൽ താഴെയും ആണ്. ഏറ്റവും കുറവ് മാസവരുമാനമായി രേഖപ്പെടുത്തിയിരിക്കുന്നത് 5000 രൂപയാണ്.

ആഘാതബാധിതരുടെ മാസ ചെലവ് കുടുതലായി കാണപ്പെടുന്നു. അവരുടെ മാസചിലവ് ശരാശരി 30,090/–രൂപയും മാസവരുമാനം ശരാശരി 39000/–രൂപയും ആണ്. മൂന്നു കുടുംബങ്ങളിൽ ഒന്നും 7 കുടുംബങ്ങളിൽ 2 ഉം ഒരു കുടുംബത്തിൽ 5 പേരും വരുമാന ദാതാക്കളായി ഉണ്ട്.

ചിത്രം (6.2.1) വരുമാനം



ചിത്രം 6.2.2 ൽ വിശദീകരിക്കുന്നത് ആഘാതബാധിത കുടുംബങ്ങളുടെ ദാരിദ്ര നിലവാരമാണ്, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് നൽകുന്ന മഞ്ഞ, പിങ്ക് നിറങ്ങളുള്ള കാർഡ് കൈവശമുള്ള ആഘാതബാധിതരില്ല. 2 കുടുംബങ്ങൾക്ക് നീലയും 9 കുടുംബങ്ങൾക്ക് വെള്ളയും റേഷൻകാർഡ് കൈവശമായിട്ടുണ്ട് എന്നതിനാൽ പദ്ധതി ബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും ദാരിദ്രരേഖയ്ക്ക് മുകളിൽ ആണ് എന്നു കാണാം.

ചിത്രം (6.2.2) ദാരിദ്രാവസ്ഥ




**6.3. ദുർബ്ബലജനവിഭാഗം**

ചിമ്മിനി ഡാമിലെ ജലസേചന വികസനം മൂലം കുടിയൊഴിപ്പിക്കപ്പെട്ട കോളനിയെ പുനരധിവസിപ്പിക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഏറ്റെടുക്കുന്നതിനായി മുപ്ലിയം വില്ലേജിൽ 11 കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള 3.0252 ഹെക്ടർ സ്ഥലം കണ്ടെത്തി. മാനവ വികസന സൂചകങ്ങൾ ആയ വിദ്യാഭ്യാസം, വരുമാനം, ആരോഗ്യം എന്നിവ മെച്ചപ്പെട്ടതാണെങ്കിലും പദ്ധതി നടപ്പിലാക്കുമ്പോൾ പ്രത്യേക ശ്രദ്ധ നൽകേണ്ട ദുർബല വിഭാഗം പദ്ധതി ബാധിതരിലുണ്ട്. സർവ്വെയിൽ പങ്കെടുത്ത ജനസംഖ്യയുടെ 25% 60 വയസിന്

മുകളിലുള്ള മുതിർന്നവരും 15 വയസ്സിന് താഴെയുള്ള 11 കുട്ടികളും ദുർബല വിഭാഗത്തിൽ ഉൾപ്പെടുന്നു. ഇതുകുടാതെ, സ്ഥിരരോഗികളായ 3 പേരെയും ദുർബലവിഭാഗമായി കണക്കാക്കേണ്ടതാണ്.

### 6.4. ഭൂമിയുടെ ഉപയോഗവും ഉപജീവന മാർഗ്ഗവും

റവന്യൂ വകുപ്പിന്റെ രേഖകൾ പ്രകാരം ആഘാത ബാധിത പ്രദേശം പുരയിട വിഭാഗ ത്തിൽപ്പെടുന്നതും റബ്ബർ കൃഷിയ്ക്ക് ഉപയോഗിച്ച് വരുന്നതുമാണ്. നിർദ്ദിഷ്ട ഭാഗത്ത് താമസിക്കുന്ന വീടുകളൊന്നും ഇല്ല. ആഘാതബാധിതമാകുന്ന 2 കെട്ടിടങ്ങൾ റബ്ബറി ന്റെ സംസ്കരണത്തിനും സംഭരണത്തിനും ഉപയോഗിക്കുന്നതുമാണ്.

ആഘാതബാധിതമാകുന്ന ഭൂമി തങ്ങളുടെ ഉപജീവന മാർഗ്ഗത്തിൽ വലിയ പങ്ക് വഹിക്കുന്നതാണെന്ന് 2 കുടുംബങ്ങൾ രേഖപ്പെടുത്തി. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ അവരുടെ സാമ്പത്തിക സ്ഥിതിയെ വലിയ രീതിയിൽ ബാധിക്കുന്നു. ബാക്കിയുള്ള 9 കുടുംബങ്ങളുടെ തോട്ടങ്ങൾ ആഘാത ബാധിതമാകുമെങ്കിലും ഇവർക്ക് ഉപജീവന മാർഗ്ഗങ്ങളായി ജോലി, പെൻഷൻ തുടങ്ങിയവ ഉണ്ട്.

### 6.5. പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

ആഘാത ബാധിതരിൽ 3 പേർ ജോലി ചെയ്യുന്നവരും 5 പേർ പെൻഷൻ ലഭിക്കുന്ന വരുമാണ്. കൃഷി, കച്ചവടം, ഗവണ്മെൻറ്-ഗവണ്മെൻറിതര ജോലി എന്നിവയും ഗ്രാമവാസികളുടെ വരുമാന മാർഗ്ഗങ്ങളാണ്.

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

ചാലക്കുടി താലൂക്കിലെ കുറുമാലിപ്പുഴയുടെ തീരത്താണ് മുപ്ലിയം സ്ഥിതി ചെയ്യുന്നത്. ആ ഭാഗത്തെ പ്രധാന വരുമാനമാർഗ്ഗം റബ്ബർ കൃഷിയാണ്. കൂടാതെ തെങ്ങ്, ജാതി, കുരുമുളക് എന്നിവയും കൃഷി ചെയ്യുന്നു. മുപ്ലിയം ഗ്രാമത്തിലെ വലിയൊരു വിഭാഗം ഉന്നത/ഉപരിപഠന വിദ്യാഭ്യാസം പൂർത്തിയാക്കിയവരും ഗവണ്മെൻറ്-ഗവണ്മെൻറിതര സ്ഥാപനങ്ങളിൽ ഇന്ത്യയിലും, വിദേശത്തുമായി ജോലി

ചെയ്യുന്നവരുമാണ്. ഇവരുടെ വരുമാനം കുടുംബവരുമാനത്തിൽ നല്ലൊരു പങ്ക് വഹിക്കുന്നു.

### 6.7. പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

സാമൂഹ്യ പ്രത്യാഘാത പഠനസംഘത്തിൻെറ നിരീക്ഷണത്തിൽ നിന്ന് മുപ്ലിയം വില്ലേജിലെ ജനങ്ങൾ ഐക്യത്തോടും ഒത്തൊരുമയോടുമാണ് പ്രദേശത്തിൻെറ വികസനത്തിനു വേണ്ടി പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസാവശ്യങ്ങൾക്കായി ഗവണ്മെൻറ് ഹയർ സെക്കൻററി സ്കൂൾ, വിമല ജ്യോതി സ്കൂൾ എന്നിവ പ്രദേശത്ത് പ്രവർത്തിക്കുന്നു. പ്രദേശത്ത് പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രവും ഹോമിയോ ആശുപത്രിയും ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തെ സുഗമമാക്കുന്നു. കൂടാതെ പ്രദേശത്ത് പലതരത്തിലുള്ള ക്ലബ്ബുകൾ, അസോസിയേഷനുകൾ എന്നിവ കലാകായിക പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നു.

### 6.8 ഭരണ സംഘടനകൾ

മുപ്ലിയത്തുള്ള വില്ലേജ് ഓഫീസും, പോസ്റ്റോഫീസും പ്രദേശത്തെ ഭരണ സംവിധാനങ്ങൾ ആണ്. കൂടാതെ ഇഞ്ചക്കുണ്ട് സഹകരണ ബാങ്കും സൗത്ത് ഇൻഡ്യൻ ബാങ്കിൻെറ ഒരു ശാഖയും മുപ്ലിയത്ത് സ്ഥിതി ചെയ്യുന്നു.

### 6.9 രാഷ്ട്രീയ സംഘടനകൾ

നിർദ്ദിഷ്ട പുനരധിവാസ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത് വ്യക്തിഗതവും പൊതുവായതുമായ സ്വത്തുകളെ ഏറ്റവും കുറഞ്ഞ രീതിയിൽ ബാധിക്കുന്ന തരത്തിലാണ് പദ്ധതി പ്രദേശത്തിന് സമീപം ഒരു രാഷ്ടിയ സംഘടനയും സ്ഥിതി ചെയ്യുന്നില്ല.

### 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പദ്ധതി പ്രദേശത്ത് എല്ലാ പ്രധാന മതങ്ങളുടെയും സാന്നിദ്ധ്യം ഉണ്ടെങ്കിലും ക്രിസ്ത്യൻ, ഹിന്ദു മതങ്ങൾ പ്രധാനമായും കാണപ്പെടുന്നു. പ്രധാനപ്പെട്ട അമ്പലങ്ങൾ മാടമ്പിള്ളിക്കാവ് ക്ഷേത്രം, മുത്തുമല ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം,

പഞ്ചമൂർത്തിക്ഷേത്രം, കല്ലേലിശ്രീധർമ്മ ശാസ്താക്ഷേത്രം, പിടിക്കാപറമ്പ് മഹാവിഷ്ണു ക്ഷേത്രം, എന്നിവയും പള്ളികൾ അസംപ്ഷൻ പള്ളി, മുപ്ലിയം, ലിറ്റിൽ ഫ്ലവർ പള്ളി, വെള്ളാരം പാടം എന്നിവയുമാണ്.

### 6.11 പ്രാദേശികവും ചരിത്രപരവുമായ പരിണാമ പ്രക്രിയ

മുപ്ലിയം വില്ലേജിലെ നിർദ്ദിഷ്ട പുനരധിവാസ പദ്ധതി കുടിയൊഴിപ്പിക്കപ്പെട്ട കോളനിക്കും സാംസ്കാരിക വ്യത്യസ്തതകളും പ്രതീക്ഷിത ഒത്തുചേരലുകളും മൂലം ഒരു പോലെ പ്രധാനപ്പെട്ടതാണ്. മുപ്ലിയത്തിലെ മുനിയാട്ടുകുന്ന് സർക്കാർ നടപടി പ്രകാരം സംരക്ഷിക്കപ്പെടുന്ന സ്മാരകമായ പുരാതന ശവകുടീരങ്ങളാൽ പ്രസിദ്ധമാണ്.

പുഴയുടെ സാമീപ്യമുള്ളതിനാൽ കഴിഞ്ഞ നൂറ്റാണ്ടിൽ തന്നെ, കൃഷിയ്ക്കും, ജനവാസത്തിനുമായി ഇവിടേയ്ക്കുള്ള ജനപ്രവാഹം ഉണ്ടായിരുന്നു. ഈ വർഷങ്ങളിൽ റബ്ബർ, തെങ്ങ്, ജാതി, കുരുമുളക് മുതലായവ കൃഷി ചെയ്യുകയും മാനവ വികസന സൂചകങ്ങൾ വളരുകയും ചെയ്തു.

### 6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം ജനങ്ങളും സ്കൂളുകൾ, ആശുപത്രികൾ, പൗര സംഘടനകൾ, സാമുഹ്യ ഗ്രൂപ്പുകൾ എന്നീ സൗകര്യങ്ങളോടു കൂടെ ദാരിദ്ര രേഖയ്ക്ക് മുകളിൽ ജീവിക്കുന്നവരാണ്. പദ്ധതി പ്രദേശത്തിനടുത്ത് ചാലക്കുടി, തൃശ്ശൂർ എന്നീ പട്ടണങ്ങൾ ഉള്ളതിനാൽ ആരോഗ്യ മേഖലയിലും, വിദ്യാഭ്യാസമേഖലയിലും ഇവിടത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനാകും. പദ്ധതി പ്രദേശം പുതുക്കാട് റെയിൽവേ സ്റ്റേഷനിൽ നിന്ന് 13 കി.മീ ഉം കൊച്ചിൻ എയർപോർട്ടിൽനിന്ന് 35 കി.മീ.ഉം അകലെയായി സ്ഥിതി ചെയ്യുന്നു.

# അദ്ധ്യായം –7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ദൂരീകരണ മാർഗ്ഗങ്ങൾ കണക്കാക്കുന്നതിനുവേണ്ടി പ്രത്യാഘാത പഠനസംഘം 3 ഘട്ടങ്ങളിലുള്ള സമീപനമാണ് സ്വീകരിച്ചത്. പദ്ധതിയുടെ വെല്ലുവിളികളും അവസരങ്ങളും മനസ്സിലാക്കുന്നതിനുവേണ്ടി ഭൗതിക നിരീക്ഷണവും പ്രാരംഭ പഠനവുമാണ് ആദ്യഘട്ടത്തിൽ സംഘടിപ്പിച്ചത്. ഘടനാപരമായ ചോദ്യാവലിയിലൂടെ ആഘാത ബാധിതരിൽ നിന്ന് വിശദമായ വിവരങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു. കൂടാതെ പദ്ധതിയുടെ പൊതുവായ വെല്ലുവിളികൾ മനസ്സിലാക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്ത വ്യക്തികളുമായി ആഴത്തിലുള്ള അഭിമുഖങ്ങളും നടത്തി. മൂന്നാമത്തെ ഘട്ടത്തിൽ തടസ്സങ്ങൾ അളക്കുന്നതിനും അത് ലഘൂകരിക്കുന്നതിനുമായി പബ്ലിക്ക് ഹിയറിംഗും നടത്തി.

### 7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനി പുനരധിവാസം വെല്ലുവിളികൾ വളരെ കുറച്ച്, ഏറ്റവും സാധ്യമായ രീതിയിൽ നടപ്പിലാക്കാനാണ് അർത്ഥനാധികാരി ആസൂത്രണം ചെയ്തിരിക്കുന്നത്. റബ്ബർ സംസ്കരണത്തിനും സംഭരണത്തിനുമുള്ള 2 കെട്ടിടങ്ങൾ മാറ്റി നിർത്തിയാൽ മറ്റ് കെട്ടിടങ്ങളോ, വീടുകളോ കച്ചവട സ്ഥാപനങ്ങളൊ പദ്ധതി ബാധിതമാകുന്നില്ല. കൂടാതെ, കുടിയൊഴിപ്പിക്കപ്പെട്ട കോളനിക്ക് മുപ്ലിയം വില്ലേജിലെ താമസക്കാരുമായി പൊരുത്തപ്പെടുന്നതിന് പദ്ധതി പ്രദേശം അനുയോജ്യമാണ്. 11 കുടുംബങ്ങളെ പദ്ധതി പ്രതികൂലമായി ബാധിക്കുന്നു. താഴെപ്പറയുന്ന നടപടികൾ പ്രത്യാഘാതങ്ങൾ ഒഴിവാക്കാനോ ലഘൂകരിക്കാനൊ സ്വീകരിക്കാവുന്നതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിതരാകുന്ന ഭൂവുടമകൾക്ക് നൽകുക
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി.
- പദ്ധതി പ്രദേശത്ത് നിലവിലുള്ള താമസക്കാരും പുനരധിവസിപ്പിക്കുന്ന ജനങ്ങളുമായി പൊരുത്തപ്പെട്ട് പോകുന്നതിന് ഉതകുന്ന സാമൂഹിക പരിപാടികൾ ആവിഷ്ക്കരിക്കും.
- പദ്ധതി നടപ്പാക്കുന്നത് മൂലം ബാധിക്കപ്പെടുന്ന പൊതു സൗകര്യങ്ങൾ, വീടുകളിലേക്കും മറ്റ് വസ്തു വകകളിലേക്കുമുള്ള വഴിയും പുനഃസ്ഥാപിക്കുക.
- വൃക്ഷതൈകൾ വിതരണം ചെയ്യുക. പരിസ്ഥിതി സംരക്ഷണത്തിനായി മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.
- ആഘാത ബാധിത പ്രദേശത്തെ ആശ്രയിച്ചു ജീവിക്കുന്ന ആഘാത ബാധിതരുടെ ഉപജീവനമാർഗ്ഗം പുനർനിർമ്മിക്കുക
- പദ്ധതി പ്രദേശത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുക

**7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് 23/09/2015 തീയതി

യിൽ G.O (Ms)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O (Ms) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ.

**7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

ആഘാതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മതിയായ തുക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ടെന്ന് അർത്ഥനാധികാരി വെളിപ്പെടുത്തി.

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

ബാധകമല്ല

**7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെന്റ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരവും പദ്ധതി ആഘാത ബാധിതമാകുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനഃരധിവാസവും പുനഃസ്ഥാപനവും നൽകേണ്ടതാണ്.

പട്ടിക (7.6) ലഘൂകരണ മാർഗ്ഗങ്ങൾ

| ക്രമ നമ്പർ | പ്രത്യാഘാത നിയന്ത്രണ നടപടികൾ | പ്രവർത്തനങ്ങൾ | സമയക്രമം |
|---|---|---|---|
| 1 | നഷ്ടപരിഹാരവും പുനസ്ഥാപനവും | ആഘാതം വിലയിരുത്തൽ | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 & കേരള ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം |
| | | നഷ്ടപരിഹാരം കണക്കാക്കൽ | |
| | | ഭൂമി കൈമാറ്റവും, നഷ്ടപരിഹാര വിതരണവും | |
| 2 | പൊതുസൗകര്യങ്ങൾ പുനസ്ഥാപിക്കൽ | പുനരധിവാസത്തോടൊപ്പം പൊതു സൗകര്യങ്ങൾ സ്ഥാപിക്കുക | |
| 3 | ഉപജീവന മാർഗത്തിന്റെ നഷ്ടം നികത്തൽ | നഷ്ടമാകുന്ന ഉപജീവനമാർഗം പുനസ്ഥാപിക്കൽ | |
| 4 | പരിസ്ഥിതി ആഘാതം ദുരീകരിക്കൽ | വൃക്ഷതൈകൾ വിതരണം ചെയ്യുക. പരിസ്ഥിതി | |

| | | | |
|---|---|---|---|
| | | സംരക്ഷണത്തിനായി മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക. | |
| 5 | സുരക്ഷിതവും തടസമില്ലാത്തതുമായ ഗതാഗതം ഉറപ്പാക്കുന്നതിനുള്ള നടപടികൾ | നിർമ്മാണഘട്ടത്തിൽ സുഗമവും തടസ്സമില്ലാത്തതുമായഗതാഗതം ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതിയും ശരിയായ മാലിന്യ നിർമ്മാർജന പദ്ധതിയും ആസൂത്രണം ചെയ്യുക | |

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

### 8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി പഞ്ചായത്തിൽ മുപ്ലിയം വില്ലേജിൽ കുടിയൊഴിപ്പിക്കപ്പെട്ട കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനിയെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശിച്ചിരിക്കുന്നത് തൃശ്ശൂരിലെ പ്രധാന ജലസേചന വകുപ്പാണ്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ള അവകാശനിയമം 2013 അനുസരിച്ച് കൃത്യമായ ഉത്തരവാദിത്വത്തോടും പങ്കോടും കൂടി ഔപചാരിക ഉത്തരവിലൂടെ പ്രധാന വ്യക്തികളെ കേരള സർക്കാർ നിയമിച്ചു.

ഭൂമി ഏറ്റെടുക്കുന്നതിലൂടെ ബാധിതമാകുന്ന കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കുമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൽ നിർവ്വചിക്കുന്നു. പുനരധിവാസ-പുനഃസ്ഥാപന പദ്ധതിയുടെ രൂപികരണം, നിർവ്വഹണം, നിരീക്ഷണം എന്നിവ സർക്കരിൻേറയും കമ്മീഷണറുടേയും മേൽ നോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കും.

23/09/2015-ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരളസർക്കാർ രൂപീകരിച്ച നയത്തിൽ പറയുന്ന പ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനഃര

ധിവാസം, പുനഃസ്ഥാപനം എന്നിവയ്ക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി ചുവടെ ചേർക്കുന്ന അധികാരികൾ ഉൾപ്പെടുന്നതാണ്.

- ജില്ലാ കളക്ടർ, പുനഃരധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രതിനിധികൾ പുനഃരധിവാസ നടപടി രൂപരേഖ നിരീക്ഷിക്കുന്നതായിരിക്കും.

**8.2 ഗവർണ്മെന്റേതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാ ശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

അർത്ഥനാധികാരിയായ കേരള ജലസേചന വകുപ്പിന്റെ തൃശ്ശൂർ ഡിവിഷൻ വിഭവങ്ങളും അതിന്റെ കാര്യക്ഷമതയും അന്തിമമാക്കി.

**8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്**

ബാധകമല്ല

**9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും**

ബാധകമല്ല

**9.3.സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി –മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനിയെ മുപ്ലിയത്തിലേക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള നിദ്ദിഷ്ട പദ്ധതി മൂലം 11 കുടുംബങ്ങളാണ് ആഘാത ബാധിതരാകുന്നത്. മേൽനോട്ടത്തിൻെറയും മൂല്യ നിർണ്ണയത്തിൻെറയും പ്രധാന സൂചികകൾ താഴെപ്പറയുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരം ന്യായമായ നഷ്ട പരിഹാരവും പുന:സ്ഥാപന നടപടികളും
- ആഘാത ബാധിത കുടുംബങ്ങൾക്ക് കൃത്യസമയത്ത് നഷ്ടപരിഹാരം നൽകുക
- സമയക്രമത്തിനുള്ളിൽ പദ്ധതി നടപ്പിലാകുന്നതിനുള്ള നടപടികൾ
- സുരക്ഷിതവും പാരിസ്ഥിതികവുമായ മാർഗ്ഗങ്ങൾ
- ഉപജീവന മാർഗ്ഗങ്ങളുടെ പുന:സ്ഥാപനം

## 10.2 റിപ്പോർട്ടിഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 പ്രകാരമുള്ള നടപടികൾ ബാധകമാണ്.

## 10.3 സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 11

## നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം**

തൃശ്ശൂർ ജില്ലയിലെ ജലസേചന വികസനത്തിൻെറ ഭാഗമായി ചിമ്മിനി ഡാം പരിസരത്ത് നിന്ന് നാടംപാടം ഗിരിജൻ കോളനിയെ കുടിയൊഴിപ്പിക്കുകയും കള്ളിചിത്രയിൽ പുനരധിവസിപ്പിക്കുകയും ചെയ്തു. ചാലക്കുടി താലൂക്കിലെ മുപ്ലിയം വില്ലേജിൽ 3.0252 ഹെക്ടർ സ്വകാര്യ ഭൂമിയിലേക്ക് കോളനിയുടെ പുനരധിവസം വിപുലീകരിക്കാനും തീരുമാനിച്ചു. തൃശ്ശൂർ ജില്ലയിൽ സുരക്ഷിതമായ ജലത്തിൻെറ ലഭ്യതയും കാർഷിക പ്രവർത്തനങ്ങളും മെച്ചപ്പെടുത്താനും കോളനിയുടെ പുനരധിവാസത്തിനുള്ള നടപടിക്രമങ്ങൾ ജലസേചന വിഭാഗം ആദ്യഘട്ടത്തിൽ ആരംഭിച്ചു. 09.07.2019-ാം തിയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1523 ൽ കേരള സർക്കാരിൻെറ റവന്യൂ (ബി) വകുപ്പ് പ്രസിദ്ധീകരിച്ച 05.07.2019 തീയതിയിലെ വിഞ്ജാപനം നമ്പർ G.O.(P)No.37/2019/RD പ്രകാരം സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിനു കളമശ്ശേരി രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തി.

നിലവിലുള്ള രൂപരേഖ അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ മൂലം 11 ആളുകൾ ആഘാത ബാധിതരാകുന്നു. പ്രധാനമായും ബാധിതമാകുന്നത് റബ്ബർ തോട്ടങ്ങളാണ്. നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് താമസയോഗ്യമായ കെട്ടിടങ്ങൾ ഒന്നും ഇല്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ മൂലം ആരേയും കുടിയൊഴിപ്പിക്കേണ്ടതായി വരുന്നില്ല. എന്നിരുന്നാലും റബ്ബർ സംസ്കരണത്തിനും സംഭരണത്തിനുമുപയോഗിക്കുന്ന 2 കെട്ടിടങ്ങൾ ആഘാത ബാധിതമാകുന്നുണ്ട്. ഭൂമി ഏറ്റെടുകുമ്പോൾ എല്ലാ അഘാത ബാധിതരുടേയും വരുമാന മാർഗ്ഗത്തെ വിപരീതമായി ബാധിക്കുകയും 2 കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗത്തെ

ബാധിക്കുകയും ചെയ്യുന്നു. 2013–ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമപ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുന:സ്ഥാപനവും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കലുമാണ് ലഘൂകരണ മാർഗ്ഗങ്ങളായിട്ടുള്ളത്. കൂടാതെ, ആഘാത ബാധിതർ പുനരധിവാസ പദ്ധതിയോട് അനുകൂല മനോഭാവം നിലനിർത്തുന്നവരാണ്. ഇത് കോളനിയുടെ മെച്ചപ്പെട്ട പൊരുത്തപ്പെടലിനും സ്ഥലത്തെ വാണിജ്യ നിലവാരം ഉയർത്തുവാനും സഹായകമായേക്കാം.

## 11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

കള്ളിചിത്ര നാടംപാടം ഗിരിജൻ കോളനിയുടെ പുനരധിവാസ പദ്ധതിയുടെ ഗുണപരവും വിപരീതവുമായ ആഘാതങ്ങൾ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കൽ നടത്താവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു. പുനഃരധിവസിപ്പിക്കുന്ന കോളനിയിലെ ജനങ്ങൾ പ്രദേശവുമായി പൊരുത്തപ്പെടുന്ന തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ പദ്ധതി മെച്ചപ്പെടുത്തുമെന്ന് പ്രതിക്ഷീക്കുന്നു. താഴെ പറയുന്നവയാണ് പ്രത്യാഘാത ലഘൂകരണ മാർഗ്ഗങ്ങൾ.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിതരാകുന്ന ഭൂവുടമകൾക്ക് നൽകുക
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ന്റെ വെളിച്ച ത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ

G.O(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി.

- പദ്ധതി പ്രദേശത്ത് നിലവിലുള്ള താമസക്കാരും പുനരധിവസിപ്പിക്കുന്ന ജനങ്ങളുമായി പൊരുത്തപ്പെട്ട് പോകുന്നതിന് ഉതകുന്ന സാമൂഹിക പരിപാടികൾ ആവിഷ്ക്കരിക്കും.
- പദ്ധതി നടപ്പാക്കുന്നത് മൂലം ബാധിക്കപ്പെടുന്ന പൊതു സൗകര്യങ്ങൾ, വീടുകളിലേക്കും മറ്റ് വസ്തു വകകളിലേക്കുമുള്ള വഴിയും പുനഃസ്ഥാപിക്കുക.
- വൃക്ഷതൈകൾ വിതരണം ചെയ്യുക. പരിസ്ഥിഥി സംരക്ഷണത്തിനായി മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.
- ആഘാത ബാധിത പ്രദേശത്തെ ആശ്രയിച്ചു ജീവിക്കുന്ന ആഘാത ബാധിതരുടെ ഉപജീവനമാർഗ്ഗം പുനർനിർമ്മിക്കുക
- പദ്ധതി പ്രദേശത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുക

# സൂചനകൾ


1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃ രധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
2. 20.12.2017–ാം തീയതിയിലെ RCFTLARR നിയമം 2013, G.O (MS)No.448\2017\RD പ്രകാരം സംസ്ഥാനത്തെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ, പുനസ്ഥത്ഥാപന പാക്കേജ്
3. 21.05.2017–ാം തീയതി തൃശ്ശൂർ ജില്ലാ കളക്ടറിൽ നിന്ന് കിട്ടിയ കത്ത്
4. സർവ്വേ നമ്പറോടു കൂടിയ ഏറ്റെടുക്കുന്ന ഭൂമിയുടെ പട്ടിക– സ്പെഷ്യൽ തഹസിൽദാർ (എൽ.എ ജനറൽ), തൃശ്ശൂർ
5. കേരള ഗസറ്റ് (അസാധാരണം) നമ്പർ 1523, തീയതി 09.07.2019
6. https://www.holidify.com/places/thrissur/chimmini-dam-sightseeing-121086.html
7. https://en.wikipedia.org/wiki/Mupliyam
8. http://www.irrigation.kerala.gov.in/